പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ. 3349

16-12-2015 ൽ ഭാഗികമായി മറുപടി നൽകിയത്

## കേരഫെഡ്-എഫ്.ഐ.ടി സംരംഭം

ചോദ്യം

ശ്രീ.പുരുഷൻ കടലുണ്ടി

ഉത്തരം

ശ്രീ.വി.എസ്.സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം തെങ്ങിൻതടി ഉപയോഗം വർദ്ധിപ്പിക്കുന്നതിനും ഉല്പന്ന വൈവിധ്യവൽക്കരണത്തിനുമായി കേരഫെഡ്-എഫ്.ഐ.ടി സംരംഭം തുടങ്ങുമെന്ന് പ്രഖ്യാപനം നടത്തിയിട്ടുണ്ടോ; പ്രഖ്യാപനം നടത്തിയത് എപ്പോൾ; സംരംഭം പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ടോ;വിശദമാക്കാമോ; | (എ) | ഉണ്ട്. 2012-13 ലെ ബഡ്ജറ്റ് പ്രസംഗത്തിലാണ് പ്രഖ്യാപനം നടത്തിയിട്ടുള്ളത്. ഈ സംരംഭം കൃഷി വകുപ്പിലൂടെ പ്രാബല്യത്തിൽ വരുത്തിയിട്ടില്ല. |
| (ബി) | പ്രസ്തുത സംരംഭവുമായി ബന്ധപ്പെടുത്തി കഴിഞ്ഞ ഓരോ ബജറ്റിലും അനുവദിച്ച തുക എത്രയെന്നും ട്രഷറിയിൽ നിന്ന് പിൻവലിച്ച തുക എത്രയെന്നുമുള്ള വിശദാംശങ്ങൾ നൽകാമോ; | (ബി) | 2012-13 മുതൽ 2015-16 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത സംരംഭവുമായി ബന്ധപ്പെടുത്തി കൃഷി വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ തുകയൊന്നും അനുവദിച്ചിട്ടില്ല. |
| (സി) | തെങ്ങുകൃഷി പുനർജീവന പദ്ധതി നിലനിർത്തിയിട്ടുണ്ടോ; ഇപ്രകാരം എത്ര ലക്ഷം തെങ്ങുകൾ വെട്ടിമാറ്റിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ? | (സി) | തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നീ മൂന്നു ജില്ലകളിലായി പൈലറ്റ് അടിസ്ഥാനത്തിൽ പ്രാരംഭ ഘട്ടത്തിൽ തെങ്ങു കൃഷി പുനർജീവന പദ്ധതിയ്ക്കായി അനുമതി നൽകിയിട്ടുണ്ട്. 2009-10 വർഷം മുതൽ 2013-14 വരെ കൃഷി വകുപ്പ് മുഖേന 158.47 കോടി രൂപ പ്രസ്തുത പദ്ധതിയ്ക്കായി ചെലവഴിച്ചു. പൈലറ്റ് പ്രോജക്ട് വിജയകരമാണെന്ന് കണ്ടതിനെ തുടർന്ന് കേരളത്തിന്റെ മറ്റ് ജില്ലകളിൽ കൂടി പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ കേന്ദ്ര സർക്കാർ 2013-14 -ൽ അംഗീകാരം നൽകിയിട്ടുണ്ട്. വെട്ടി മാറ്റിയ തെങ്ങുകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

Annexure (i)

Details of Coconut palms cut and removed with subsidy under the scheme "Replanting and Rejuvenation of coconut gardens"

| No | District | 2013-14 | 2014-15 | 2015-16 |
|---|---|---|---|---|
| 1 | KSD | 55221 | 19425 | 2756 |
| 2 | KNR | 52644 | 24092 | 18773 |
| 3 | KKD | 155736 | 64930 | 109099 |
| 4 | MPM | 65725 | 89104 | 87786 |
| 5 | PKD | 42311 | 20619 | 3727 |
| 6 | EKM | 49799 | 49738 | 27767 |
| 8 | ALP | 74613 | 101996 | 40759 |
| 7 | KTM | 17921 | 79845 | 68679 |
| 9 | IDK | 24752 | 24897 | 45257 |
| 10 | PTA | 4355 | 4836 | 150 |
| 11 | WYD | 5256 | 6386 | 22111 |
| **Total** | | **548333** | **485868** | **426867** |